കേരള സർക്കാർ

# റവന്യൂ(ജി) വകുപ്പ്

**ഓഫീസ് ഓർഡർ നമ്പർ 5/2018/റവ തീയതി, 27/03/2018**

വിഷയം:- ദുരന്ത നിവാരണ വകുപ്പിനെ ദുരന്ത നിവാരണ (എ) വകുപ്പ് എന്ന് പുനർ നാമകരണം ചെയ്യും ദുരന്ത നിവാരണ (എ), (ബി) വകുപ്പുകളുടെ പ്രവൃത്തി വിഭജനം പുനക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 23.02.2018-ലെ സ.ഉ.(സാധാ)നം.1146/2018/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്

സൂചനയിലെ ഉത്തരവ് പ്രകാരം ഓഖി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും ദുരന്ത നിവാരണ വകുപ്പിലുള്ള ജോലിഭാരവും കണക്കിലെടുത്ത് റവന്യൂ (ടി.ആർ.പി.സെൽ) വകുപ്പിനെ ദുരന്ത നിവാരണ വകുപ്പിലേയ്ക്ക് മാറ്റിക്കൊണ്ടും ദുരന്ത നിവാരണ (ബി) വകുപ്പ് എന്ന് പുനർ നാമകരണം ചെയ്തുകൊണ്ടും നിലവിൽ റവന്യൂ (ടി.ആർ.പി.സെൽ) വകുപ്പിലുള്ള ഒരു സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റ്, ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ദുരന്ത നിവാരണ (ബി) വകുപ്പിലേക്ക് പുനർ വിന്യസിച്ചുകൊണ്ടും ഉത്തരവായിരുന്നു.റവന്യൂ വകുപ്പിലെ വകുപ്പ്/തസ്തിക മാറ്റത്തിനു അനുസൃതമായി നിലവിലെ പ്രവൃത്തി വിഭജനം ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നു പ്രസ്തുത ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്.

റവന്യൂ (ടി.ആർ.പി.സെൽ) വകുപ്പിനെ ദുരന്ത നിവാരണ (ബി) വകുപ്പ് എന്ന് പുനർനാമകരണം ചെയ്ത സാഹചര്യത്തിൽ നിലവിലെ ദുരന്ത നിവാരണ വകുപ്പിനെ ദുരന്ത നിവാരണ (എ) വകുപ്പെന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

പ്രസ്തുത ദുരന്ത നിവാരണ (എ), (ബി) വകുപ്പുകളിൽ ചെയ്യേണ്ട പ്രവൃത്തികൾ താഴെപ്പറയുന്ന പ്രകാരം വിഭജിച്ച് ഉത്തരവാകുന്നു.

## ദുരന്ത നിവാരണ (എ) വകുപ്പ്

ദേശീയ ദുരന്ത പ്രതികരണ നിധി / സംസ്ഥാന ദുരന്ത പ്രതികരണ നിധി സംബന്ധിച്ച വിഷയങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങൾ, പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച് കേന്ദ്ര

ഗവൺമെന്റുമായുള്ള കത്തിടപാടുകൾ, കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും രൂപീകരണം (സൈക്ലോൺ, വരൾച്ച, എന്നിവ ഒഴികെ), ദുരന്ത പ്രതികരണ നിധിയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെ രൂപീകരണം, പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടങ്ങൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ (സൈക്ലോൺ, വരൾച്ച, എന്നിവ ഒഴികെ), സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം (സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ-SEOC) -യുടെ എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങൾ, കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ദുരന്ത നിവാരണ പദ്ധതികൾ രൂപീകരിക്കൽ, ക്രൗഡ് മാനേജ്മെന്റ്, എസ്.ഡി.ആർ.എഫ്., ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ സ്പഷ്ടീകരണം, പ്രകൃതിദുരന്തത്തിൽ വീടുകൾക്കും കെട്ടിടങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ, പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തിര പുനരുദ്ധാരണം - ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കൽ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ആലിപ്പഴവർഷം, ഇടിമിന്നൽ, സോയിൽപൈപ്പിംഗ്, തുടങ്ങിയ വിവിധ പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച വിഷയങ്ങൾ (സൈക്ലോൺ, വരൾച്ച, എന്നിവ ഒഴികെ), പ്രകൃതിദുരന്തങ്ങളെ തുടർന്ന് ഉണ്ടാകുന്ന അപകടങ്ങൾക്കും ജീവഹാനിക്കും നാശനഷ്ടങ്ങൾക്കും ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ആശ്വാസ ധനസഹായം (റിലീഫ് അസിസ്റ്റൻസ്) അനുവദിക്കൽ, സംസ്ഥാന ദുരന്ത പ്രതികരണ നിധി, സംസ്ഥാന ദുരന്ത ലഘൂകരണ നിധി എന്നിവയുമായി ബന്ധപ്പെട്ട കപ്പാസിറ്റി ബിൽഡിംഗ്, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടേയും ശാക്തീകരണം, ഓപ്പറേഷൻ അനന്ത, പുറ്റിങ്ങൽ ദുരന്തം, ഓഖിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകൾ.

**<u>ദുരന്ത നിവാരണ (ബി) വകുപ്പ്</u>**

നിലവിൽ റവന്യൂ (ടി.ആർ.പി) സെൽ വകുപ്പിൽ ചെയ്തുകൊണ്ടിരുന്ന വിഷയങ്ങൾക്ക് പുറമെ താഴെപ്പറയുന്ന വിഷയങ്ങൾ കൂടി ദുരന്ത നിവാരണ (ബി) വകുപ്പിന് അനുവദിച്ച് ഉത്തരവാകുന്നു.

വരൾച്ച സംബന്ധിച്ച വിഷയങ്ങൾ, സൈക്ലോൺ സംബന്ധിച്ച വിഷയങ്ങൾ, നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട്(എൻ.സി.ആർ.എം.പി), ട്രെയിനിംഗ് സംബന്ധിച്ച പേപ്പറുകൾ, മറ്റ് പലവക വിഷയങ്ങൾ (All papers related to drought & cyclone, Drinking water supply, Submission of Drought Memorandum etc., National Cyclone Risk Mitigation Project (NCRMP), All papers related to trainings, other miscellaneous papers)

മേൽപ്പറഞ്ഞ ഉത്തരവിനനുസരിച്ച് ദുരന്ത നിവാരണ (എ, ബി) വകുപ്പുകളിലെ ഓരോ സീറ്റുകളിലേക്കുമുള്ള പ്രവൃത്തി വിഭജനം അനുയോജ്യമായ രീതിയിൽ ബന്ധപ്പെട്ട സെക്ഷനുകൾ ചെയ്യേണ്ടതാണ്.

പി. എച്ച്. കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

റവന്യൂ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും

പൊതുഭരണ(സർവീസസ്-എ,ഇ)വകുപ്പുകൾ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

BN.